കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

245 (7808) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിൽ പ്രതിസന്ധി ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ ;

(ബി) കുടുംബപെൻഷൻ ഉൾപ്പെടെ എത്ര പേർക്കാണ് പ്രതിമാസ പെൻഷൻ അനുവദിക്കേണ്ടത് ; ഇപ്പോൾ എത്ര ശതമാനം ക്ഷാമബത്തയാണ് പെൻഷൻകാർക്ക് നൽകുന്നത് ;

(സി) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിമാസ വരുമാനം എത്ര രൂപയാണ് ; ശമ്പളയിനത്തിൽ ചെലവഴിക്കേണ്ടത് എത്ര രൂപയാണ് ; ഓരോ മാസവും ലഭിക്കുന്ന വരുമാനം ചെലവഴിക്കപ്പെടുന്നത് ഏതൊക്കെ ഇനങ്ങളിലായാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ മാത്രം മറ്റെല്ലാ ചെലവിനങ്ങൾക്കും വകമാറ്റിയശേഷം മാത്രംമതി പെൻഷനും ശമ്പളവും എന്ന് തീരുമാനിക്കുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ നിലപാട് തിരുത്തി കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം തടസ്സം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോർപ്പറേഷന്റെ പ്രതിമാസ ശരാശരി വരുമാനം 150 കോടി രൂപയും ചെലവ് 230 കോടി രൂപയുമാണ്. പ്രതിമാസ ശമ്പള വിതരണത്തിനായി 62 കോടി രൂപയും പെൻഷൻ വിതരണത്തിനായി 37 കോടി രൂപയും ആവശ്യമാണ്. ഇതിന് പുറമെ ഡീസൽ, വായ്പാ തിരിച്ചടവ്, MACT അവാർഡ്, സ്പെയർ പാർട്സ്, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം, ഇൻഷ്വറൻസ് പുതുക്കൽ മുതലായ ചെലവുകൾക്കായി പ്രതിമാസം ശരാശരി 145 കോടി രൂപ ആവശ്യമാണ്. ഡീസൽ ചെലവിനത്തിലും വായ്പാ തിരിച്ചടവിനത്തിലും മാത്രമായി പ്രതിമാസം 119 കോടി രൂപ ആവശ്യമാണ്. ടി ആവശ്യ ചെലവുകൾക്ക് തുക വിനിയോഗിച്ച് കഴിഞ്ഞാൽ പെൻഷൻ വിതരണത്തിനും ശമ്പള വിതരണത്തിനും തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

(ബി) മേയ് 2014-ൽ നൽകിയതനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിൽ 36,762 പെൻഷൻകാർ നിലവിലുണ്ട്.

എക്സ്ഗ്രേഷ്യാ	...	1,011
ഫാമിലി	...	9,773
സർവ്വീസ്	...	25,978

നിലവിൽ ക്ഷാമബത്ത 31% ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷന്റെ പ്രതിമാസ ശരാശരി വരുമാനം 150 കോടി രൂപയാണ്. ശമ്പള വിതരണത്തിനായി പ്രതിമാസം 62 കോടി രൂപ ആവശ്യമുണ്ട്. ഓരോ മാസവും ലഭിക്കുന്ന വരുമാനത്തിന്റെ സിംഹഭാഗവും ഡീസൽ, വായ്പാ തിരിച്ചടവ്, MACT അവാർഡ്, സ്പെയർപാർട്സ്, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം, ഇൻഷ്വറൻസ് പുതുക്കൽ, ബസ്സുകളുടെ നികുതി ഒടുക്കൽ മുതലായ ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. ഡീസൽ ചെലവിനത്തിലും വായ്പാ തിരിച്ചടവിനത്തിലും മാത്രമായി പ്രതിമാസം 119 കോടി രൂപ ആവശ്യമാണ്. ടി ആവശ്യ ചെലവുകൾക്ക് തുക വിനിയോഗിച്ച് കഴിഞ്ഞാൽ പെൻഷൻ വിതരണത്തിനും ശമ്പള വിതരണത്തിനും തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

(ഡി) മറ്റെല്ലാ ചെലവുകൾക്കും തുക വകമാറ്റിയതിനുശേഷം ശമ്പളം, പെൻഷൻ എന്നിവ വിതരണം ചെയ്താൽ മതി എന്ന നയം കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. നിലവിലെ വരുമാനത്തിൽനിന്നും ദൈനംദിന ചെലവുകൾക്കുശേഷം (ഡീസൽ, വായ്പാ തിരിച്ചടവ് തുക, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം തുടങ്ങിയവ) ശമ്പളവും പെൻഷനും നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എങ്കിൽ തന്നെയും സർക്കാരിൽനിന്ന് സാദ്ധ്യമായ ധനസഹായം നൽകിയും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്ന് വായ്പ ലഭ്യമാക്കിയും ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

(ഇ) കോർപ്പറേഷൻ നിലവിൽ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും തദ്വാര വരുമാനം വർദ്ധിച്ച് കോർപ്പറേഷന് സ്വന്തം നിലക്കുതന്നെ ശമ്പളം വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷയുണ്ട്.

കെ.എസ്.ആർ.ടി.സി. മുൻ എം.ഡി.-യുടെ റിപ്പോർട്ട്

246 (7809) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ തലപ്പത്ത് പ്രാവീണ്യമില്ലാത്തവരാണ് ഇരിക്കുന്നതെന്ന് മുൻ എം.ഡി. സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദാംശം നൽകാമോ ;

(ഡി) ഇപ്രകാരം സ്വീകരിച്ച നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ പുരോഗതിയുടെ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly